# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2676

18.08.2017-ൽ
മറുപടിക്ക്

**രജിസ്ട്രേഷൻ വകുപ്പിലെ സസ്പെൻഷൻ നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ടി. തോമസ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിൽ ഇതുവരെ എത്ര ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്; അന്വേഷണം നടത്തിയതിൽ ഇതിൽ എത്ര പേർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രജിസ്ട്രേഷൻ വകുപ്പിലെ 13 ജീവനക്കാരെ പ്രഥമദൃഷ്ട്യാ കുറ്റക്കാരാണെന്ന് കണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടുപേർക്കെതിരെയുള്ള അച്ചടക്ക നടപടികൾ പൂർത്തിയാക്കി കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഒരു ജീവനക്കാരനെ വകുപ്പുമായി ബന്ധപ്പെട്ട കാര്യത്തിനല്ല സസ്പെന്റ് ചെയ്യപ്പെട്ടിട്ടുള്ളത് എന്നതിനാൽ ടിയാനെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടില്ല. ഒരാളെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, കേസ് രജിസ്റ്റർ ചെയ്തതിനാലാണ് സസ്പെന്റ് ചെയ്തിരുന്നത്. ബാക്കിയുള്ള ജീവനക്കാർക്കെതിരായ അച്ചടക്ക നടപടികൾ പൂർത്തിയായിട്ടില്ല. |
| ബി) കോട്ടയം ജില്ലയിലെ പുതുപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിലെ ഭിന്നശേഷിക്കാരനായ കെ.ജെ. വർഗീസ് എന്ന ജീവനക്കാരന്റെ സസ്പെൻഷൻ സംബന്ധിച്ച കേസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | ബി) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.818/2017 നമ്പർ ഹർജിയിലെ 10.05.2017 ലെ ഉത്തരവനുസരിച്ച് 20.07.2017 ൽ പരാതിക്കാരനെ നേരിൽ കേട്ടിട്ടുള്ളതും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്തുവരുന്നു. |
| സി) രേഖാമൂലം ലഭിച്ച പരാതിയിന്മേലാണോ ടിയാനെതിരെ അന്വേഷണം നടത്തി നടപടിയെടുത്തതെന്ന് വിശദമാക്കാമോ? | സി) രേഖാമൂലം ലഭിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി ദക്ഷിണ മദ്ധ്യ മേഖല രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ടിയാനെതിരെ അച്ചടക്ക നടപടി ആരംഭിച്ചത്. |

**സെക്ഷൻ ഓഫീസർ**